**Lalith Babu**

## 20 വർഷത്തിലേറെ പഴക്കമുള്ള വിവരങ്ങൾ നൽകേണ്ടതില്ല എന്ന ധാരണ തെറ്റാണ്. എത്ര വർഷം പഴക്കമുള്ള രേഖയാണെങ്കിലും അത് നിയമാനുസൃതം നൽകാനാവുന്നതാണെങ്കിൽ ആ വിവരങ്ങൾ നൽകണം

വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുന്നതു മുതൽ 20 വർഷം പിന്നോട്ടുള്ള കാലഘട്ടത്തിലെ വിവരങ്ങൾ മാത്രമേ വിവരാവകാശ നിയമ പ്രകാരം നൽകേണ്ടതുള്ളു എന്ന ധാരണയാണ് എതൃകക്ഷിക്കുള്ളതെന്ന് കമ്മിഷൻ നിരീക്ഷിച്ചു. ഇത് ശരിയല്ല. വിവരാവകാശ നിയമപ്രകാരം നൽകുന്ന വിവരങ്ങളുടെ കാലപഴക്കത്തിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതാണ്. നിയമാനുസൃതം നശിപ്പിക്കപ്പെടാത്ത ഏത് രേഖയും വിവരാവകാശ നിയമം 8(1) വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകർക്ക് നൽകുവാൻ പൊതുസ്ഥാപനങ്ങൾക്ക് ബാധ്യതയുണ്ട്. ഇവിടെ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 20 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണെന്ന കാരണത്താലാണ് നിരസിച്ചതെന്ന് കമ്മിഷൻ നിരീക്ഷിച്ചു.

3. മേൽ പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും, വിവരത്തിന്റെ കാലപ്പഴക്കം പരിഗണിക്കാതെ അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണ്. ഈ ഉത്തരവ് നടപ്പിലാക്കിയത് സംബന്ധിച്ച് നടപടി റിപ്പോർട്ട് ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 20 ദിവസത്തിനുള്ളിൽ കമ്മിഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

അപ്പീൽ ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2009 ജനുവരി മാസം 23-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.